കേരള സർക്കാർ
ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്
ശാന്തി നഗർ, തിരുവനന്തപുരം - 695001
ഫോൺ: 0471-2330558, 0471-2331104
Email:cei.kerala@kerala.gov.in
ceikerala@gmail.com
Website: www.ceikerala.gov.in

An IS 15700 : 2018 Certified Department

നമ്പർ : സി.ഇ.ഐ./6018/2024-ബി2 തീയതി: 08-09-2025

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ,

ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ,
തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്.

ഇലക്ട്രിക്കൽ ഇൻസ്പെക്ടർ,
കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം,
ഇടുക്കി, പാലക്കാട്, തൃശ്ശൂർ, മലപ്പുറം,
കണ്ണൂർ, വയനാട്, കാസറഗോഡ്.

സർ,

വിഷയം : ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് - എല്ലാ ഫ്ലോറിലേക്കും electricity distribution ബസ് ബാർ trunkin സിസ്റ്റം വഴി നൽകുന്നത് - സംബന്ധിച്ച്.

സൂചന : 1. 23.07.2025 - ൽ നടന്ന അഡ്വൈസ് ടെക്നിക്കൽ കമ്മിറ്റിയുടെ മീറ്റിംഗ്.

സൂചനയിലേയ്ക്ക് ശ്രദ്ധിച്ചാലും. Central Electricity Authority (Measures Relating to Safety and Electric Supply) Regulations, 2023-ലെ റെഗുലേഷൻ 38 (3) (v) പ്രകാരം പതിനഞ്ച് മീറ്ററിൽ കൂടുതൽ ഉയരമുള്ള ബഹുനില കെട്ടിടങ്ങളിൽ, എല്ലാ ഫ്ലോറിലേക്കും electricity distribution ബസ് ബാർ trunking സിസ്റ്റം വഴിയാകണമെന്നുണ്ട്. എന്നാൽ, ഫ്ലോറിലേക്കുള്ള electricity distribution-നു ബസ്ബാർ ട്രങ്കിങ് നൽകുന്നതുമായി ബന്ധപ്പെട്ട് പ്രായോഗിക ബുദ്ധിമുട്ടുകൾ ചില കോൺട്രാക്ടർമാർ ചൂണ്ടികാണിച്ചതിനനുസരിച്ച്, 23.07.2025 - ലെ അഡ്വൈസ് ടെക്നിക്കൽ കമ്മിറ്റി മേൽ വിഷയം ചർച്ച ചെയ്യുകയും ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ ടെക്നിക്കൽ കൺകറൻസോടെ ഈ വിഷയത്തിൻമേൽ അതാത് ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടർക്ക് അനുവാദം നൽകാമെന്ന് കമ്മിറ്റി തീരുമാനിക്കുകയും ചെയ്തു. ആയതിനാൽ ജില്ലയിൽ ലഭിക്കുന്ന ഈ വിഭാഗത്തിലുള്ള അപേക്ഷകൾ, ടെക്നിക്കൽ കൺകറൻസ് ലഭിക്കുന്നതിനായി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ അയച്ചു നൽകേണ്ടതാണ്. കൂടാതെ, ടെക്നിക്കൽ കൺകറൻസ് ലഭിച്ചതിനു ശേഷം, ജില്ലയിൽ നിന്നും ഇത്തരത്തിലുള്ള പ്രതിഷ്ഠാപനങ്ങൾക്ക് നൽകിയ ഊർജ്ജീകരണാനുമതി Central Electricity Authority (Measures Relating to Safety and Electric Supply) Regulations, 2023 - ലെ റെഗുലേഷൻ 136 (2) പ്രകാരം സർക്കാരിന്റെ സാധൂകരണത്തിനു വേണ്ടി അയച്ചു നൽകേണ്ടതാണ്.

സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (ടെക്നിക്കൽ സ്റ്റാൻഡേർഡ്സ് ഫോർ കൺസ്ട്രക്ഷൻ ഓഫ് ഇലക്ട്രിക്കൽ പ്ലാന്റ്സ് ആൻഡ് ഇലക്ട്രിക്ക് ലൈൻസ്) റെഗുലേഷൻസ്, 2022 ലെ റെഗുലേഷൻ 92(2)(d) പ്രകാരം വിദ്യാഭാസ സ്ഥാപനങ്ങളുടെ മുകളിലൂടെ വൈദ്യുത ലൈൻ വലിയ്ക്കുന്നത് ഒഴിവാക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ സ്കൂൾ premises ലൂടെ ഓവർഹെഡ് ലൈൻ വലിക്കുന്നതിന് അനുവാദം നൽകരുത് എന്നും അറിയിയ്ക്കുന്നു.

വിശ്വസ്തതയോടെ,

Signed by
Vinod G
Date: 08-09-2025 09:50:38

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ.